MONDAY 10-04-2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/04/2023.

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി റീഫർ വാനുകൾക്കായ് (26 മെ.ടൺ) സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 9.1 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 13 ലക്ഷം രൂപയും, റൈപ്പനിംഗ് ചേമ്പറിന് സമതല പ്രദേശങ്ങളിൽ 35,000 രൂപ/മെ.ടൺ. മലയോരപ്രദേശങ്ങളിൽ 50,000 രൂപ/മെ.ടൺ, പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 10 ലക്ഷം രൂപയും മലയോരപ്രദേശങ്ങളിൽ 13.75 ലക്ഷം രൂപയും പുതിയ പ്രിസർവേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് 1 ലക്ഷം രൂപയും നിലവിലുള്ള പ്രിസർവേഷൻ യൂണിറ്റുകൾക്ക് യൂണിറ്റൊന്നിന് 50,000/- രൂപയും ധനസഹായം നൽകിവരുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ഓഫീസുമായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്), പ്രിൻസിപ്പൽ കൃഷി ഓഫിസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, എന്ന വിലാസത്തിലോ **9383471782** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

2. കശുമാവിൽ കീടങ്ങളുടെയും രോഗങ്ങളുടെയും ശാസ്ത്രീയ നിയന്ത്രണത്തിന് വിദഗ്ധോപദേശവുമായി "കാഷ്യു പ്രൊട്ടക്ട്" എന്ന മൊബൈൽ ആപ്പ് പുറത്തിറങ്ങി. .ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ കർണാടകയിലെ പുത്തൂരിലുള്ള കശുമാവ് ഗവേഷണ ഡയറക്ടറേറ്റ് വികസിപ്പിച്ചെടുത്തതാണ് ഈ ആപ്പ്. ഇതിനുമുമ്പ് "കാഷ്യു ഇന്ത്യ" എന്ന ഒരു ആപ്പും ഈ കേന്ദ്രം പുറത്തിറക്കിയിരുന്നു. കശുമാവിലെ പരിപാലന മുറകൾ ഇനം തിരിച്ച് നൽകുന്ന ഈ ആപ്പ് വഴി കമ്പോള നിലവാരവും അറിയാം. ഇപ്പോൾ വികസിപ്പിച്ച പുതിയ "കാഷ്യൂ പ്രൊട്ടക്ട്" ആപ്പ് വഴി രോഗ കീടങ്ങളെ മനസ്സിലാക്കുന്നതിനും അതിനു അവലംബിക്കേണ്ട ശാസ്ത്രീയ നിയന്ത്രണ മാർഗ്ഗങ്ങൾ മനസ്സിലാക്കാനും സാധിക്കും. ആൻഡ്രോയിഡ് മൊബൈലുകളിൽ പ്ലേസ്റ്റോറിൽ നിന്നും കാഷ്യു പ്രൊട്ടക്ട് എന്ന ആപ്പ്

ഡൗൺലോഡ് ചെയ്താൽ ഈ വിവരങ്ങൾ കർഷകർക്ക് ലഭിക്കുമെന്ന് മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രം മേധാവി ഡോ. ജലജ എസ് മേനോൻ അറിയിച്ചു. ആപ്പ് തുറന്നു വരുന്നതോടെ സജീവമാകുന്ന ക്യാമറ ഉപയോഗിച്ച് തൽക്ഷണം ഫോട്ടോ അപ്‌ലോഡ് ചെയ്യുക വഴി കീടാക്രമണം തിരിച്ചറിയാനും നിയന്ത്രണ മാർഗങ്ങൾ മനസ്സിലാക്കാനും സാധിക്കുമെന്നതാണ് ഈ ആപ്പിന്റെ മേന്മ. കൂടുതൽ വിവരങ്ങൾക്ക് 9902273468 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. റബ്ബറിന്റെ മരുന്നുതളിക്കായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.എൽ.) തയ്യാറാക്കി വിതരണം ചെയ്യുന്ന സ്പ്രേ ഓയിലിന്റെ 26 കിലോഗ്രാം പായ്ക്കുകൾ പുറത്തിറക്കി. റബ്ബറിന്റെ അകാലിക ഇലകൊഴിച്ചിൽ രോഗത്തെ പ്രതിരോധിക്കുന്നതിനായി ഉപയോഗിക്കുന്ന കോപ്പർ ഓക്സിക്ളോറൈഡ് സ്പ്രേ ഓയിലിൽ കലർത്തിയാണ് തളിക്കുന്നത്. 210 കിലോഗ്രാമിന്റെ വലിയ ബാരലുകളിലാണ് സ്പ്രേ ഓയിൽ ഇതുവരെ ലഭിച്ചിരുന്നത്. കേരളത്തിലെ സാഹചര്യത്തിൽ വ്യാപകമായി കാണുന്നതും കാര്യമായ ഉത്പാദനഷ്ടത്തിന് ഇടയാക്കുന്നതുമായ രോഗമാണ് അകാലിക ഇലകൊഴിച്ചിൽ.

4. **മൃഗസംരക്ഷണം -പശുക്കളുടെ വേനൽക്കാല പരിചരണം**

പശു തൊഴുത്തിന്റെ മേൽക്കൂര സാമാന്യം ഉയരത്തിൽ ആയിരിക്കണം. തൊഴുത്തിൽ ധാരാളം വായു സഞ്ചാരമുണ്ടായിരിക്കണം. ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട്, ഷീറ്റ് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തു/കൂട് മുഴുവൻ മറച്ച തൊഴുത്തുകൾ /കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തിന് ചുറ്റും തണൽ വൃക്ഷങ്ങളുണ്ടെങ്കിൽ ചൂട് കുറക്കുന്നതിന് സഹായിക്കും. തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കണം. സീലിംഗ് ഫാനുകളെക്കാൾ ഗുണം ചെയ്യുക ചുമരിൽ പിടിപ്പിക്കാവുന്ന ഫാനുകളാണ്. ധാരാളം ശുദ്ധ ജലം എപ്പോഴും കുടിക്കാൻ ലഭ്യമാക്കണം. ശരീരഭാരത്തിന്റെ 60 ശതമാനത്തിലധികം ജലാംശമാണെന്നതും പാലിൽ ജലാംശം 80 ശതമാനത്തേക്കാൾ കൂടുതലാണെന്നതും മറക്കാതിരിക്കുക. എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിന്റെ അളവു കൂട്ടുക. ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക.പകൽ സമയങ്ങളിൽ, തൊഴുത്തിന് വെളിയിലാണെങ്കിൽ, മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം